# കേരള നിയമസഭ
# 26.03.2013-ലെ മറുപടിക്ക്

<u>എമർജിംഗ് കേരളയിൽ ഏറ്റെടുത്ത പദ്ധതികൾ</u>

2229 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടന്ന എമർജിംഗ് കേരള നിക്ഷേപക സംഗമത്തിൽ പ്രഖ്യാപിച്ച എത്ര പദ്ധതികളാണ് സർക്കാർ ഏറ്റെടുത്തിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഇതിൽ ഓരോ പദ്ധതികളും നിലവിൽ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(സി) ഇതിനകം ഏതെല്ലാം പദ്ധതികൾ ആരംഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

**കേരള നിയമസഭ**
**26.03.2013-ലെ മറുപടിക്ക്**

<u>എമർജിങ് കേരള</u>

2230 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എമർജിംഗ് കേരളയുമായി ബന്ധപ്പെട്ട് എത്ര വ്യവസായസംരംഭങ്ങൾ നടപ്പിലാക്കുമെന്നാണു തീരുമാനിച്ചിരുന്നത്; അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) എമർജിംഗ് കേരളയുമായി ബന്ധപ്പെട്ടു നടപ്പിലാക്കുന്ന പദ്ധതികൾ സമയബന്ധിതമായി ആരംഭിക്കുന്നതിനുവേണ്ടി നടപടികളിൽ വരുത്തിയ സുതാര്യതയുടെയും, മറ്റ് ഇളവുകളുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഇതുവരെ ഏതെല്ലാം പദ്ധതികൾ ആരംഭിക്കുവാനാണ് നടപടികൾ പൂർത്തിയാക്കിയിട്ടുള്ളതെന്നു പറയുമോ;

(ഡി) ഈ പദ്ധതികൾ എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്നു വിശദമാക്കുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>എമർജിംഗ് കേരള പദ്ധതി</u>

2231 ശ്രീ.റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എമർജിംഗ് കേരള ആഗോള നിക്ഷേപ സംഗമത്തിന്റെ പരിഗണനയ്ക്ക് എത്ര പദ്ധതികളാണ് വന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പരിഗണനയ്ക്ക് വന്ന പദ്ധതികളിൽ എത്ര പദ്ധതികൾക്കാണ് സർക്കാർ ഇതുവരെ അനുമതി നല്കിയതെന്നും വ്യക്തമാക്കാമോ;

(സി) പരിഗണനയ്ക്ക് വന്നതും, അനുമതി നൽകാത്തതുമായ പദ്ധതികൾ ഏതെല്ലാമെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 26.03.2013-ലെ മറുപടിക്ക്

<u>എമർജിംഗ് കേരളയ്ക്ക് വകകൊള്ളിച്ച തുക</u>

2232 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എമർജിംഗ് കേരളയ്ക്കുവേണ്ടി 2012-13 ബഡ്ജറ്റിൽ വകകൊള്ളിച്ച 5 കോടി രൂപയിൽ നാളിതുവരെ ചെലവിട്ട തുക എത്ര;

(ബി) ഈ തുക എന്തൊക്കെ പരിപാടികൾക്ക് വേണ്ടിയാണ് വകയിരുത്തിയിട്ടുളളതെന്നും, ഓരോയിനത്തിലും എത്ര തുക വീതം ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ;

(സി) എമർജിംഗ് കേരളാ സംഗമത്തിന്റെ ഫലമായി ആരംഭിക്കപ്പെട്ട പൊതുമേഖലാ സംരംഭങ്ങൾ പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ ആരംഭിച്ച സംരംഭങ്ങൾ, സ്വകാര്യ സംരംഭങ്ങൾ, വിദേശ സംരംഭങ്ങൾ ആയവയുടെ പേരുവിവരവും ആയതുമായി ബന്ധപ്പെട്ട മുതൽ മുടക്കും വെളിപ്പെടുത്തുമോ?

**കേരള നിയമസഭ**
**26.03.2013-ലെ മറുപടിക്ക്**

<u>എമർജിംഗ് കേരള - തുടർനടപടികൾ</u>

2233 ശ്രീ. വർക്കല കഹാർ
,, സി. പി. മുഹമ്മദ്
,, സണ്ണി ജോസഫ്
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എമർജിംഗ് കേരളയുമായി ബന്ധപ്പെട്ട് എന്തെല്ലാം തുടർനടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കുമോ;

(ബി) എമർജിംഗ് കേരളയുമായി ബന്ധപ്പെട്ട സംഗമത്തിൽ അവതരിപ്പിക്കപ്പെട്ട പദ്ധതികളുടെ സാദ്ധ്യതാ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എത്ര കോടി രൂപയുടെ പദ്ധതികളാണ് ഈ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) പദ്ധതികൾ സൂക്ഷ്മമായി പരിശോധിച്ചിട്ട് അനുമതി നൽകുവാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>തിരുവനന്തപുരം ജില്ലയിലെ എമർജിംഗ് കേരള പദ്ധതികൾ</u>

2234 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എമർജിംഗ് കേരളയിൽ തിരുവനന്തപുരം ജില്ലയിൽനിന്നും ഏതെല്ലാം പദ്ധതികളാണ് പരിഗണനയിലുള്ളത്. ഏത് രീതിയിലാണ് പ്രസ്തുത പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദവിവരം ലഭ്യമാക്കാമോ;

(ബി) ഇതിൽ ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കിതുടങ്ങിയിട്ടുണ്ട്; വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**26.03.2013-ലെ മറുപടിക്ക്**

<u>ബയർ സെല്ലർ മീറ്റ്</u>

2235 ശ്രീ. വർക്കല കഹാർ
,, പി. എ. മാധവൻ
,, ലൂഡി ലൂയിസ്
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബയർ സെല്ലർ മീറ്റ് സംഘടിപ്പിച്ചിട്ടുണ്ടോ;

(ബി) പൊതുമേഖലാ സ്ഥാപനങ്ങളുമായി ബന്ധിപ്പിച്ച് സൂക്ഷ്മ ചെറുകിട വ്യവസായങ്ങളെ ശക്തിപ്പെടുത്താൻ മീറ്റ് എത്രമാത്രം പ്രയോജനകരമാകും എന്നാണ് കരുതുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം എജൻസികളാണ് ഈ മീറ്റുമായി സഹകരിച്ചത് ; വിശദമാക്കുമോ?

(ഡി) എന്തെല്ലാം ലക്ഷ്യങ്ങളാണ് മീറ്റ് വഴി നേടിയിട്ടുള്ളത്?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

വ്യവസായ സംരക്ഷണസേന

2236 ശ്രീ. ബാബു. എം. പാലിശ്ശേരി
,, എം. ചന്ദ്രൻ
,, കെ. ദാസൻ
,, സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേന്ദ്രവ്യവസായ സംരക്ഷണ സേനയുടെ മാതൃകയിൽ വ്യവസായ സംരക്ഷണസേന രൂപീകരിക്കുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശങ്ങൾ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ സേനയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നും ഇതു സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ;

(സി) വ്യവസായ സംരക്ഷണ സേന രൂപീകരിക്കുമ്പോൾ തൊഴിൽ തർക്കങ്ങൾ മുതലായവയിൽ തൊഴിൽവകുപ്പിനും പോലീസ് സേനയ്ക്കുമുള്ള അധികാരങ്ങൾ പരിമിതപ്പെടുത്തേണ്ടി വരുമോ;

(ഡി) ഈ സേനാരൂപീകരണം സംബന്ധിച്ച് വ്യവസായസംരംഭകരുമായും ട്രേഡ് യൂണിയൻ പ്രതിനിധികളുമായും എന്തെങ്കിലും ചർച്ചകൾ നടത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 26.03.2013-ലെ മറുപടിക്ക്

<u>പബ്ലിക് സെക്ടർ എന്റർപ്രൈസസ് ബോർഡ് രൂപീകരിക്കാൻ നടപടി</u>

2237 ശ്രീ.എ. പ്രദീപ്കുമാർ
,, കെ. വി. അബ്ദുൾ ഖാദർ
,, ആർ രാജേഷ്
,, കെ. കുഞ്ഞിരാമൻ(ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസും റിയാബും സംയോജിപ്പിച്ച് ഒരു പബ്ലിക് സെക്ടർ എന്റർപ്രൈസസ് ബോർഡ് രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(സി) നിർദ്ദിഷ്ട ബോർഡിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(ഡി) പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ നിശ്ചിതമികവ് ഉറപ്പാക്കുന്നതിനായി കേന്ദ്ര സർക്കാരും കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളും തമ്മിൽ ഉണ്ടാക്കിയ എം.ഒ.യു-വിന്റെ മാതൃകയിൽ കേരളത്തിലും ഇത്തരം ധാരണാപത്രം ഒപ്പുവയ്ക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ ഈ ധാരണാപത്രത്തിലെ വ്യവസ്ഥകൾ എന്താണെന്നും എന്ന് ഇത് പ്രാവർത്തികമാക്കാമെന്നും വിശദമാക്കാമോ?

## കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യക്ഷമത</u>

2238 ശ്രീ. ഹൈബി ഈഡൻ
'' ഷാഫി പറമ്പിൽ
'' എ. പി. അബ്ദുള്ളക്കുട്ടി
'' തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി സഹകരിച്ച് സംയുക്ത സംരംഭങ്ങൾ തുടങ്ങുന്ന കാര്യം ആലോചിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം നഷ്ടത്തിലായിരുന്ന എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭം ഉണ്ടാക്കിയിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം സുതാര്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ</u>

2239 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ് സർക്കാർ അധികാരമേറ്റ ശേഷം 2011-12 സാമ്പത്തിക വർഷം എത്ര പൊതുമേഖലാ സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിക്കുന്നത്;

(ബി) ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളാണ് ഇപ്പോൾ ലാഭത്തിൽ പ്രവർത്തിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 26.03.2013-ലെ മറുപടിക്ക്

<u>അടച്ചുപൂട്ടിയ ടെക്സ്റ്റയിൽ മില്ലുകൾ</u>

2240 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
,, ബി. ഡി. ദേവസ്സി
,, സി. കൃഷ്ണൻ
,, എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അടച്ചു പൂട്ടപ്പെട്ട ടെക്സ്റ്റയിൽ മില്ലുകൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) സഹകരണ മേഖലയിൽ ഉൾപ്പെടെ ഇപ്പോൾ പ്രവർത്തം നിലച്ച ടെക്സ്റ്റൈൽ മില്ലുകൾ എത്രയാണ്; ഇതിനിടയായ സാഹചര്യങ്ങൾ എന്തൊക്കെയാണ്;

(സി) വർദ്ധിച്ച തോതിലുള്ള വൈദ്യുതി ചാർജ്ജ് ടെക്സ്റ്റൈൽ മില്ലുകൾക്ക് താങ്ങാൻ കഴിയുന്നതല്ലെന്ന കാര്യം സർക്കാരിനറിയാമോ;

(ഡി) മില്ലുകൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള ഒരു പാക്കേജിന് വ്യവസായ വകുപ്പ് രൂപം നൽകുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>പൊതുമേഖലാ സ്ഥാപനങ്ങളിലെ ലാഭനഷ്ട കണക്കുകൾ</u>

2241 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യത്തിന്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കേരളത്തിൽ പൊതുമേഖലയിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ഓരോ സ്ഥാപനത്തിന്റെയും 2009-10, 2010-11, 2011-12, 2012-13 (ഫെബ്രുവരി വരെ) വർഷങ്ങളിലെ ലാഭനഷ്ടകണക്കുകൾ പ്രത്യേകം വിശദമാക്കാമോ ?

**കേരള നിയമസഭ**
**26.03.2013-ലെ മറുപടിക്ക്**

<u>സിഡ്കോ ജീവനക്കാരുടെ ശമ്പള പരിഷ്കരണം</u>

2242 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വ്യവസായ വകുപ്പിന് കീഴിലായി എത്ര പൊതുമേഖലാ സ്ഥാപനങ്ങളാണുള്ളത്; അവയിൽ കഴിഞ്ഞ 5 വർഷങ്ങളിൽ ലാഭകരമായി പ്രവർത്തിച്ചുവരുന്നവ ഏതൊക്കെയാണ്;

(ബി) സംസ്ഥാന സർക്കാർ ജീവനക്കാർക്ക് എന്നു മുതലാണ് ശമ്പള പരിഷ്കരണം നടപ്പാക്കിയിട്ടുള്ളത്; സംസ്ഥാന സർക്കാരിന്റെ അതേ സേവന വേതന വ്യവസ്ഥകൾ നടപ്പിലാക്കി വരുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ ഈ ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളിലാണ് എന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാന സർക്കാരിന്റെ സേവന വേതന വ്യവസ്ഥകൾ അതേപടി നടപ്പിലാക്കിവരുന്നതും, ജീവനക്കാരെ പി.എസ്.സി. വഴി നിയമിക്കുന്നതും, കഴിഞ്ഞ 5 വർഷമായി തുടർച്ചയായി ലാഭത്തിൽ പ്രവർത്തിക്കുന്നതുമായ സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ കേരള സിഡ്കോയിൽ ഇതുവരെ സർക്കാർ ജീവനക്കാർക്ക് 01.07.09 മുതൽ അനുവദിച്ച ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സിഡ്കോയിൽ ശമ്പള പരിഷ്കരണം ആവശ്യപ്പെട്ട് സിഡ്കോയിലെ വിവിധ സംഘടനാ നേതാക്കൾ നൽകിയ നിവേദനത്തിൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഇ) സിഡ്കോയിലെ ജീവനക്കാർക്ക് 01.07.09 മുതൽ സർക്കാർ ജീവനക്കാർക്ക് നടപ്പാക്കിയ ശമ്പള പരിഷ്കരണം നടപ്പാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ?

**കേരള നിയമസഭ**
**26.03.2013-ലെ മറുപടിക്ക്**

<u>മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച പൊതുമേഖലാ സ്ഥാപനങ്ങൾ</u>

2243 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് പുതുതായി ആരംഭിച്ച പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണ്, ഇവയിൽ എത്രയെണ്ണം പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു; ഇനിയും പ്രവർത്തനം ആരംഭിക്കാൻ ബാക്കിയായവ എത്ര; പ്രവർത്തനം ആരംഭിക്കുന്നതിന് തടസ്സമെന്താണ്;

(ബി) പ്രസ്തുത പൊതുമേഖലാ സ്ഥാപനങ്ങളിലേയ്ക്ക് നിയമനം നടത്തുന്നതിനായി പരീക്ഷ നടത്താൻ ഏതൊക്കെ ഏജൻസികളെയാണ് ചുമതലപ്പെടുത്തിയത്; എത്ര പേരുടെ ലിസ്റ്റാണ് ഓരോ പൊതുമേഖലാ സ്ഥാപനത്തിനും തയ്യാറാക്കിയത്; പ്രസ്തുത ലിസ്റ്റിൽനിന്നും എത്ര പേർക്ക് നിയമനം നൽകി; വിശദാംശം നൽകുമോ;

(സി) പുതുതായി പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ? വിശദാംശം നൽകുമോ?

# കേരള നിയമസഭ
# 26.03.2013-ലെ മറുപടിക്ക്

<u>പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ</u>

2244 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി ക്കു വിട്ടുകൊണ്ടുള്ള ഉത്തരവ് സംസ്ഥാനത്തെ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലും നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളിലാണ് ഇപ്പോഴും ഈ തീരുമാനം നടപ്പിലാക്കാത്തതെന്നു വ്യക്തമാക്കുമോ;

(സി) പി.എസ്.സി നിയമനം മറികടക്കുന്നതിനുവേണ്ടി പൊതുമേഖലാ സ്ഥാപനങ്ങളിൽ കോൺട്രാക്ട് വ്യവസ്ഥയിൽ ജീവനക്കാരെ നിയമിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഈ കോൺട്രാക്ട് നിയമനം അവസാനിപ്പിച്ച് പ്രസ്തുത തസ്തികകളിൽ അടിയന്തിരമായി പി.എസ്.സി നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**26.03.2013-ലെ മറുപടിക്ക്**

<u>ദിവസവേതനക്കാരുടെ പ്രതിദിന ശമ്പളം</u>

2245 ശ്രീ. എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിലെ ദിവസവേതനക്കാരുടെ പ്രതിദിന ശമ്പളം എത്ര രൂപയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് സർക്കാർ ഓഫീസുകളിലെ ദിവസവേതനക്കാർക്ക് നിശ്ചയിച്ചിട്ടുള്ള നിരക്കിനെക്കാൾ കുറവാണെന്ന കാര്യം ശ്രദ്ധയിൽവന്നിട്ടുണ്ടോ;

(സി) സർക്കാർ ഓഫീസുകളിലെ ദിവസവേതനക്കാർക്ക് നൽകുന്ന നിരക്കിൽ പൊതുമേഖലാസ്ഥാപനങ്ങളിലെ ദിവസവേതനക്കാർക്കും വേതനം നൽകാൻ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>ഗെയ്ൽ ഗ്യാസ് ലിമിറ്റഡ്</u>

2246 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്ന പ്രകാരം കെ.എസ്.ഐ.ഡി.സി യും ഗെയിലും ചേർന്നുള്ള കേരളാ ഗെയ്ൽ ഗ്യാസ് ലിമിറ്റഡ് എന്ന കമ്പനിയുടെ സപ്ലിമെന്ററി ഗ്യാസ് ഇൻഫ്രാസ്ട്രക്ചർ പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) ഇതിന്റെ പ്രവർത്തനങ്ങൾക്കായി 12 കോടിരൂപ വകയിരുത്തിയിരുന്നത് ചെലവഴിച്ചുവോ;

(സി) ഈ പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**26.03.2013-ലെ മറുപടിക്ക്**

<u>കേരളാഗെയിൽ ഗ്യാസ് ലിമിറ്റഡ്</u>

2247 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളാ ഗെയിൽ ഗ്യാസ് ലിമിറ്റഡ് കമ്പനിയുടെ കീഴിൽ സപ്ലിമെന്ററി ഗ്യാസ് ഇൻഫ്രാസ്ട്രക്ച്ചർ പദ്ധതി നടപ്പിലാക്കുന്നതിന് 2012 - 13 ലെ ബജറ്റിൽ വകയിരുത്തിയ 12 കോടി രൂപയിൽ എത്ര കോടി രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) നാളിതുവരെ ചെലവഴിച്ച തുക വിനിയോഗിച്ച് എന്തൊക്കെ നടപടികളാണ് ഈ പദ്ധതി നടപ്പാക്കുവാൻ സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

കെ.എസ്.ഡി.പി യുടെ പ്രവർത്തനങ്ങൾ

2248 ശ്രീ. എ. റ്റി. ജോർജ്
,, ഐ.സി. ബാലകൃഷ്ണൻ
,, എ.പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഡി.പി.യുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കുമോ;

(ബി) കെ.എസ്.ഡി.പി. യിൽ നിന്നും പൊതു വിപണിയിൽ മരുന്നുകൾ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) മരുന്നുകൾ മെഡിക്കൽ സർവ്വീസ് കോർപ്പറേഷനെ കൊണ്ട് വാങ്ങിപ്പിക്കുവാൻ ആവശ്യമായ നടപടികൾ എടുക്കുമോ; വിശദമാക്കുമോ;

(ഡി) എത്ര കോടി രൂപയുടെ മരുന്നിന്റെ ഓർഡർ കെ.എസ്.ഡി.പി ക്ക് ഈ സാമ്പത്തിക വർഷം ലഭിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ?

## കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>നഷ്ടത്തിൽ പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങൾ</u>

2249 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ലാഭത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ഏതൊക്കെ വ്യവസായ സ്ഥാപനങ്ങളാണ് നഷ്ടത്തിലായതെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്പോൾ സംസ്ഥാനത്ത് ഏതൊക്കെ വ്യവസായ സ്ഥാപനങ്ങളാണ് നഷ്ടത്തിൽ പ്രവർത്തിക്കുന്നതെന്നും ഓരോ സ്ഥാപനത്തിന്റെയും നഷ്ടം എത്രയാണെന്നും വ്യക്തമാക്കുമോ;

(സി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ പുനരുദ്ധരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>ചെറുകിട വ്യവസായ യൂണിറ്റുകളുടെ പുനരുദ്ധാരണം</u>

2250 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിന് ശേഷം എത്ര ചെറുകിട വ്യവസായ യൂണിറ്റുകൾ അടച്ചുപൂട്ടിപ്പോയി എന്നു പറയാമോ; ഇത്തരം സ്ഥാപനങ്ങളുടെ ബാങ്ക് കടങ്ങളും, പലിശയും എഴുതിത്തള്ളുകയോ പലിശയിളവ് നൽകുകയോ ഉണ്ടായിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(ബി) ചേർത്തല താലൂക്കിൽ ഇരുമ്പ്, ഉരുക്ക് അസംസ്കൃത വസ്തുക്കളായി ഉപയോഗിച്ചിരുന്ന ചില ചെറുകിട വ്യവസായ യൂണിറ്റുകൾ അസംസ്കൃതവസ്തുക്കളുടെ വിലയിടിവ് മൂലം നിർമ്മിച്ചുവച്ചിരുന്ന ഉത്പന്നങ്ങളുടെ വിലയിടിഞ്ഞ് വൻ നഷ്ടമുണ്ടാകുകയും അടച്ചുപൂട്ടപ്പെടുകയും ചെയ്തിട്ടുള്ള കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇത്തരം സ്ഥാപനങ്ങളെ പുനരുദ്ധരിക്കുന്നതിനോ സ്ഥാപനങ്ങളുടെ ബാങ്ക് കടങ്ങൾ ഇളവു ചെയ്തു നൽകുന്നതിനോ എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ എന്നു പറയാമോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>ന്യൂജനറേഷൻ വ്യവസായങ്ങൾ</u>

2251 ശ്രീ.വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ന്യൂജനറേഷൻ വ്യവസായങ്ങളെ ആകർഷിക്കുന്നതിനായി ജില്ലകൾ തോറും കിൻഫ്രായുടെ ഒരു പാർക്ക് സ്ഥാപിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ 2012-13 വർഷത്തിൽ എത്ര ജില്ലകളിൽ കിൻഫ്രാ പാർക്കുകൾ സ്ഥാപിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ബഡ്ജറ്റിൽ എത്ര തുക വകകൊള്ളിച്ചിരുന്നുവെന്നും അതിൽ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>പീഡിത വ്യവസായ യൂണിറ്റുകൾ</u>

2252 ശ്രീ.മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ പീഡിത വ്യവസായ യൂണിറ്റുകളെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>കളിമൺപാത്ര വ്യവസായം നേരിടുന്ന പ്രതിസന്ധി</u>

2253 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത വ്യവസായ മേഖലയിൽ ഉൾപ്പെട്ട കളിമൺപാത്ര നിർമ്മാണ മേഖല പ്രതിസന്ധി നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കളിമൺ പാത്രനിർമ്മാണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ ഈ സർക്കാർ എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കാമോ?

## കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>തിരുവനന്തപുരം - കാസർഗോഡ് അതിവേഗ റയിൽപാത</u>

2254 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം - കാസർഗോഡ് അതിവേഗറയിൽപാതയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികൾ പൂർത്തിയായി എന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് എന്തൊക്കെ പഠനങ്ങളാണ് ഡി.എം.ആർ.സി നടത്തിയത് എന്ന് വ്യക്തമാക്കുമോ?

(സി) ഇത് സംബന്ധിച്ച് ഡി.എം.ആർ.സി. എന്തെങ്കിലും റിപ്പോർട്ട് സർക്കാറിന് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

**കേരള നിയമസഭ**
**26.03.2013-ലെ മറുപടിക്ക്**

<u>അതിവേഗ റെയിൽപ്പാത</u>

T 2255 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ നിലവിലുള്ള ഗതാഗതക്കുരുക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തലസ്ഥാന നഗരിയിൽ നിന്ന് മലബാറിൽ പോയി തിരിച്ചെത്താൻ രണ്ട് ദിവസം യാത്രക്കായി മാത്രം നഷ്ടപ്പെടുന്നതിനാൽ മലബാറിന്റെ വികസന മുന്നേറ്റത്തിന് ഈ പ്രശ്നം തടസ്സമായി നിൽക്കുന്ന കാര്യം അറിയാമോ;

(സി) തെക്കൻ കേരളത്തിലെത്തുന്ന ടൂറിസ്റ്റുകളും വ്യവസായ പ്രമുഖരും യാത്രാക്ലേശം കാരണം മലബാറിനെ ഉപേക്ഷിക്കുന്ന കാര്യം ശ്രദ്ധയിൽപ്പട്ടിട്ടുണ്ടോ;

(ഡി) ഉന്നത വിദ്യാഭ്യാസം ആഗ്രഹിക്കുന്ന വിദ്യാർത്ഥികളും ഐ. ടി., ശാസ്ത്രസാങ്കേതിക രംഗത്തുള്ള തൊഴിൽ അന്വേഷകർക്കും അതിവേഗതയുള്ള യാത്രാ സൗകര്യം കൂടുതൽ ഗുണം ചെയ്യുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഇ) ഇതിനായി ഒരു അതിവേഗ റെയിൽപ്പാത തിരുവനന്തപുരം മുതൽ കാസർകോട് വരെ നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(എഫ്) ഇതിനായി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>സംരംഭകത്വസഹായ പദ്ധതി</u>

2256 ശ്രീ. വി. പി. സജീന്ദ്രൻ
,, എം. പി. വിൻസെന്റ്
,, റ്റി. എൻ. പ്രതാപൻ
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംരംഭകത്വസഹായ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സംരംഭകത്വസഹായ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) വ്യവസായമേഖലയുടെ പുത്തൻ ഉണർവിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(ഡി) എന്തെല്ലാം സഹായങ്ങളാണ് പദ്ധതി വഴി ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 26.03.2013-ലെ മറുപടിക്ക്

<u>സംരംഭകത്വ സഹായ പദ്ധതിയുടെ വിശദാംശങ്ങൾ</u>

2257

ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംരംഭകത്വ സഹായ പദ്ധതി (ഇ.എസ്.എസ്) യുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഇ.എസ്.എസ് പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നതിനുള്ള അപേക്ഷകൾ എവിടെയെല്ലാം സ്വീകരിക്കുമെന്ന് വിശദീകരിക്കുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>സംസ്ഥാന ഇന്നോവേഷൻ കൗൺസിലും, ഇന്നോവേഷൻ മിഷനും</u>

2258 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യത്തിന്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാന ഇന്നോവേഷൻ കൗൺസിലും, കേരളാ ഇന്നോവേഷൻ മിഷനും രൂപീകരിക്കുന്നതിനായി വകയിരുത്തിയ 50 ലക്ഷം രൂപയിൽ നാളിതുവരെ എത്ര രൂപ ചെലവഴിച്ചുവെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>അടിസ്ഥാന സൗകര്യ വികസനത്തിനായി പി. പി. പി. സെൽ</u>

2259 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അടിസ്ഥാന സൗകര്യവികസന പദ്ധതികൾ മെച്ചപ്പെടുത്തുന്നതിന് വേണ്ടി സർക്കാർ പരിഗണനയിൽ ഉണ്ടായിരുന്ന പബ്ലിക് പ്രൈവറ്റ് പാർട്ടണർഷിപ്പ് (പി. പി. പി) പ്രോജക്ടുകൾ ഏതെല്ലാമെന്ന് വിശദമാക്കുമോ;

(ബി) ഈ പ്രോജക്ടുകളുടെ മേൽനോട്ടത്തിനായി രൂപീകരിക്കുമെന്ന് പറഞ്ഞ സ്റ്റേറ്റ് പ്ലാനിംഗ്ബോർഡിലെ പി. പി. പി. സെൽ പ്രവർത്തനം ആരംഭിച്ചുവോ;

(സി) അനുബന്ധ സെല്ലിന്റെ പ്രവർത്തനം എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ഡി) പരിഗണനയിലുണ്ടായിരുന്ന പി.പി. പി. പ്രോജക്ടുകളിൽ ഏതെല്ലാം പ്രോജക്ടുകൾ ഈ വർഷം നടപ്പിലാക്കിയെന്നും ഇതിൽ പൊതുമേഖലാ പങ്കാളിത്തം എത്രശതമാനമെന്നും
വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**26.03.2013-ലെ മറുപടിക്ക്**

<u>യാൺ ബാങ്ക്</u>

2260

ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര യാൺ ബാങ്കുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്; അവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ യാൺ ബാങ്കും 2010-11, 2011-12, വർഷങ്ങളിലായി എത്ര കിലോ യാൺ പർച്ചെയ്സ് ചെയ്തു; സംഘങ്ങൾക്ക് കൊടുത്തത് എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) ഈ ഇനത്തിൽ 2 വർഷങ്ങളിലായി ഓരോ യാൺ ബാങ്കിനും എത്ര രൂപാ വീതം സബ്സിഡി ഇനത്തിൽ വിതരണം ചെയ്തുവെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രാഥമിക സംഘങ്ങൾ ചെക്കോ, ഡി.ഡി.യോ യാൺ ബാങ്കിൽ നൽകിയാൽ യാൺ വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഇപ്പോൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇപ്പോഴുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കാമോ;

(ഇ) യാൺ ബാങ്കുകളിൽ, സംഘങ്ങൾ ആവശ്യപ്പെടുന്ന ഇനം മുൻകൂട്ടി മനസ്സിലാക്കി അവ സ്റ്റോക്ക് ചെയ്യുന്നതിനും, ചെക്കോ, ഡി.ഡി.യോ നൽകിയാൽ ഉടൻ അവർക്ക് യാൺ ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>മണൽക്ഷാമം പരിഹരിക്കുന്നതിന് കടലിൽ നിന്നും മണൽ വാരുന്ന പദ്ധതി</u>

2261 ശ്രീ. എം. എ. വാഹീദ്
,, പി. സി. വിഷ്ണുനാഥ്
,, വി. ഡി. സതീശൻ
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ മേഖലയിലുള്ള മണൽക്ഷാമം പരിഹരിക്കുന്നതിന് കടലിൽ നിന്നും മണൽ വാരുന്ന പദ്ധതിക്ക് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ?

## കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>മണൽക്ഷാമം</u>

2262 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാനത്ത് രൂക്ഷമായ മണൽക്ഷാമം അനുഭവപ്പെടുന്ന സാഹചര്യത്തിൽ കടൽ മണലും, ഉപ്പു കലർന്ന മണലും സംസ്ക്കരിച്ച് നിർമ്മാണ മേഖലയിൽ ഉപയോഗിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഇതിനെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 26.03.2013-ലെ മറുപടിക്ക്

<u>കെൽട്രോൺ</u>

2263 ശ്രീ. സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെൽട്രോണിനെ ആധുനികകാലഘട്ടത്തിനനുസൃതമായി നവീക രിച്ച് സംസ്ഥാനത്തിന്റെ ഏറ്റവും വലിയ പൊതു മേഖലാ സ്ഥാപനമായി വളർത്തുന്നതിനു നടപടികൾ ഉണ്ടാകുമോ;

(ബി) ഇലക്ട്രോണിക് ഉത്പന്നങ്ങൾ വ്യാപകമായി ഉത്പാദി പ്പിക്കുന്നതിന് കെൽട്രോണിന്റെ കൂടുതൽ ഉത്പാദന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനു നടപടികൾ ഉണ്ടാകുമോ;

(സി) ഗുണമേന്മയേറിയ കമ്പ്യൂട്ടർ, മൊബൈൽ ഫോണുകൾ, മറ്റ് ഇലക്ട്രോണിക് ഉത്പന്നങ്ങൾ എന്നിവ വലിയതോതിൽ ഉത്പാദിപ്പിക്കുവാൻ നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>കൊച്ചിൻ റിഫൈനറി</u>

2264 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊച്ചിൻ റിഫൈനറിയുടെ ശേഷി വർദ്ധിപ്പിക്കുന്നതിനും പെട്രോ കെമിക്കൽ വ്യവസായം ആരംഭിക്കുന്നതിനുമായി അഞ്ചു വർഷം കൊണ്ട് ഒരു ബൃഹത് പദ്ധതി ആരംഭിക്കുമെന്ന ബജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ നടപ്പുവർഷം ആരംഭിച്ച പരിപാടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) ഇതിനായി 2012-13 വർഷത്തെ ബജറ്റിൽ എത്ര തുക വകകൊള്ളിച്ചിട്ടുണ്ടെന്നും അതിന്മേൽ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) കൊച്ചിയിൽ ഒരു പെട്രോ കെമിക്കൽ ഇൻഡസ്ട്രിയൽ സോൺ സ്ഥാപിക്കും എന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ 2012-13 -ലെ ബജറ്റിൽ വക കൊള്ളിച്ച 50 കോടിയിൽ എത്ര തുക ചെലവഴിച്ചുവെന്നും എത്ര തൊഴിൽ അവസരങ്ങൾ സൃഷ്ടിച്ചുവെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

## കശുവണ്ടി വികസന കോർപ്പറേഷന്റെ പ്രവർത്തനം

2265 ശ്രീ. കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി വികസന കോർപ്പറേഷന്റെ 2006-ലെ സഞ്ചിതനഷ്ടം എത്ര രൂപയായിരുന്നു; 2011-ൽ ഇത് എത്ര രൂപയായി;

(ബി) കോർപ്പറേഷനുകീഴിലെ ഫാക്ടറികളുടെ നവീകരണത്തിനായി 2006 മുതൽ 2012 വരെ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ എത്ര രൂപ വീതം നൽകി;

(സി) കോർപ്പറേഷൻ 2006 മുതൽ 2012 വരെ സംഭരിച്ച നാടൻ-വിദേശതോട്ടണ്ടിയുടെ അളവ്, സ്വദേശത്തും വിദേശത്തും വിറ്റഴിച്ച അണ്ടിപ്പരിപ്പിന്റെ അളവ് എന്നിവ എത്രയാണ്;

(ഡി) കോർപ്പറേഷന്റെ നടത്തിപ്പിൽ അക്കൗണ്ടന്റ് ജനറൽ, ധനകാര്യപരിശോധനാവിഭാഗം തുടങ്ങിയവ ചൂണ്ടിക്കാട്ടിയ പ്രധാനക്രമക്കേടുകൾ ഏതൊക്കെയാണ്; ഇവയിൽ എന്തു നടപടി സ്വീകരിച്ചു;

(ഇ) തൊഴിലാളികളിൽ നിന്നും ഈടാക്കിയ പ്രൊവിഡന്റ് ഫണ്ട് വിഹിതം 2012 മേയ് മുതൽ അടച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ, അടയ്ക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 26.03.2013-ലെ മറുപടിക്ക്

<u>വ്യവസായ വകുപ്പിലെ സഹകരണ സംഘങ്ങൾ</u>

2266 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിനു കീഴിൽ കോഴിക്കോട് ജില്ലയിൽ എത്ര സഹകരണ സംഘങ്ങളുണ്ടെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ബി) ഇതിൽ ഏതൊക്കെ സംഘങ്ങൾ ജില്ലാ സഹകരണ ബാങ്കിൽ അഫിലിയേറ്റ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ജില്ലാ സഹകരണ ബാങ്കു തെരഞ്ഞെടുപ്പിൽ ഏതൊക്കെ സംഘങ്ങൾ വോട്ടു ചെയ്തുവെന്ന് വ്യക്തമാക്കുമോ;

(ഡി) സമാപ്തീകരണത്തിന് നടപടിയായിട്ടുള്ള ഏതൊക്കെ സംഘങ്ങൾ ഈ തെരഞ്ഞെടുപ്പിൽ വോട്ടു ചെയ്തു എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക്</u>

2267 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാമനാട്ടുകരയിലെ അഡ്വാൻസ്ഡ് ടെക്നോളജി പാർക്കിലെ വ്യവസായ പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണ്;

(ബി) പ്രസ്തുത പാർക്കിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഇവയുടെ നിർമ്മാണം എന്ന് ആരംഭിക്കാനാവുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

ബേപ്പൂർ മറൈൻ പാർക്ക്

2268 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ മറൈൻ പാർക്ക് നിർമ്മാണ പ്രവർത്തനം ഏത് ഘട്ടത്തിലാണ്;

(ബി) ഈ പാർക്കിൽ ഏതെങ്കിലും സംരംഭങ്ങൾ ആരംഭിക്കുന്നത് സംബന്ധിച്ച് സർക്കാരുമായി ധാരണയായിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ എത്രയും വേഗം വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ നടപടി കൈക്കൊള്ളുമോ ?

# കേരള നിയമസഭ
# 26.03.2013-ലെ മറുപടിക്ക്

<u>ബേപ്പൂർ ഫെസ്റ്റ്</u>

2269 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ ഫെസ്റ്റ് വർഷം തോറും വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ നടത്തുന്ന 'ആന്വൽ ഇവന്റ്' ആയി അംഗീകരിച്ച് സർക്കാർ ഉത്തരവ് ഇറക്കിയിരുന്നോ ;

(ബി) എങ്കിൽ 2011-2012 വർഷങ്ങളിൽ ഈ ഫെസ്റ്റ് നടത്താൻ സർക്കാർ നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ ;

(സി) 2013-ൽ ബേപ്പൂർ ഫെസ്റ്റ് നടത്തുവാൻ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>ചെരുപ്പ് ഫാക്ടറി</u>

2270 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി മണ്ഡലത്തിലെ വാഴക്കാട് കേന്ദ്രമായി ഒരു ചെരുപ്പ് ഫാക്ടറി സ്ഥാപിക്കുന്നത് സംബന്ധിച്ച് കിൻഫ്ര എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിരുന്നുവോ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഇപ്പോൾ ഈ പദ്ധതി ഏത് ഘട്ടത്തിലാണ്; എന്നത്തേക്ക് പദ്ധതി നടപ്പിലാക്കുവാൻ കഴിയും എന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>ചാലിയത്തെ ഫിഷ് ലാന്റിംഗ് സെന്റർ</u>

2271 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലിയത്തെ ഫിഷ് ലാന്റിംഗ് സെന്ററിനായി കിൻഫ്ര ആവിഷ്കരിച്ച പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) പ്രസ്തുത പദ്ധതി എത്രയുംവേഗം പൂർത്തിയാക്കാൻ നടപടി കൈക്കൊള്ളുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

സഹകരണ മേഖലയിലെ വ്യവസായങ്ങൾ

2272 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ വിരുപ്പാക്ക സഹകരണ സ്പിന്നിംഗ് മില്ലും പെരിങ്ങണ്ടൂരിലെ സഹകരണ റൈസ് മില്ലും പൂട്ടിക്കിടക്കുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ വ്യവസായ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുവാൻ വ്യവസായ വകുപ്പിന് പദ്ധതിയുണ്ടോ;

(ബി) സഹകരണ മേഖലയിലെ വ്യവസായ സ്ഥാപനങ്ങൾ വ്യവസായ വകുപ്പ് ശ്രദ്ധിക്കുന്നില്ലെന്ന പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

## കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

ചേലക്കര മണ്ഡലത്തിൽ വരവൂർ വ്യവസായ പാർക്ക്

2273 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിൽ വരവൂർ വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനാവശ്യമായ ഭൂമി വ്യവസായ വകുപ്പ് ഏറ്റെടുത്തിട്ടുളള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ വ്യവസായ പാർക്കിൽ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ നടപടികൾ തുടങ്ങിയിട്ടുണ്ടോ;

(സി) ഈ ഭൂമിയിൽ വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ തുക 2013-14 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തുവാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>കഞ്ചിക്കോട് വ്യവസായ വകുപ്പിന്റെ കീഴിലുള്ള 18 ഏക്കർ ഭൂമി</u>

2274 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് കഞ്ചിക്കോട് വ്യവസായ വകുപ്പിന്റെ കീഴിലുള്ള 18 ഏക്കർ ഭൂമി DENXPORD എന്ന കമ്പനിയിൽനിന്നും തിരിച്ചുപിടിച്ചിട്ടുണ്ടോ;

(ബി) ഈ സ്ഥലത്തിനായി എത്രപേർ അപേക്ഷ നൽകിയിട്ടുണ്ട്;

(സി) പ്രസ്തുത സ്ഥലത്തിന് അപേക്ഷ നൽകിയിട്ടുളളതും റാങ്ക് ലിസ്റ്റിൽ പെട്ടിട്ടുള്ളതുമായ അപേക്ഷകർക്ക് അനുവദിക്കുന്ന കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ സ്ഥലത്തിന്റെ അലോട്ട്മെന്റ് നിർത്തിവച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വിശദമാക്കാമോ;

(ഇ) ഇടശേരി ഇൻഡസ്ട്രീസ് എന്ന പേരിൽ വ്യവസായം തുടങ്ങാൻ അപേക്ഷ നൽകിയിട്ടുള്ളതും റാങ്ക് ലിസ്റ്റിൽ 31-ാം റാങ്ക് ഉള്ളതുമായ അങ്കമാലി ചമ്പന്നൂർ കരയിൽ ജോസ് മകൻ നോജിക്ക് എന്നത്തേയ്ക്ക് സ്ഥലം ലഭ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 26.03.2013-ലെ മറുപടിക്ക്

<u>ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട കേസ്</u>

2275 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലിയിൽ സ്ഥാപിക്കുന്നതിനായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള കിൻഫ്രാ വ്യവസായ പാർക്കിനായി ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട 4(1) നോട്ടിഫിക്കേഷൻ സംബന്ധിച്ച കേസ് വേഗത്തിൽ തീർപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കുമോ?

**കേരള നിയമസഭ**
**26.03.2013-ലെ മറുപടിക്ക്**

<u>പാലൂർകോട്ട ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്</u>

2276 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലൂർക്കോട്ട ഇൻഡസ്ട്രിയൽ എസ്റ്റേറ്റായി പ്രഖ്യാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പാലൂർക്കോട്ട ഇൻഡസ്ട്രിയൽ എസ്റ്റേറ്റായി പ്രഖ്യാപിക്കുന്നതിന് സർക്കാർ ഇത് വരെ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ്</u>

2277 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസിന്റെ പക്കൽ ആകെ എത്ര ഭൂമിയാണ് ഉള്ളതെന്ന് അറിയിക്കാമോ;

(ബി) ഇതിൽ നിന്നും റിലയൻസ് എനർജി ഗ്രൂപ്പിന് ഭൂമി പാട്ടത്തിന് നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ എന്നും എങ്കിൽ എത്ര ഭൂമിയാണ് നൽകുവാൻ തീരുമാനിച്ചതെന്നും ആരാണ് തീരുമാനം എടുത്തതെന്നും അറിയിക്കാമോ;

(സി) എന്ത് ആവശ്യത്തിനാണ് ഭൂമി നൽകിയതെന്ന് അറിയിക്കാമോ;

(ഡി) നിയമപരമായി പ്രസ്തുത ഭൂമി വ്യവസായ വകുപ്പിൽ നിഷിപ്തമാണോ എന്നും ഭൂമി നൽകുവാനുള്ള തീരുമാനം നിയമപരമായി നിലനിൽക്കുന്നതാണോ എന്നും അറിയിക്കാമോ?

## കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>പെരുമ്പാവൂർ ട്രാവൻകൂർ റെയോൺസ്</u>

2278 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ ട്രാവൻകൂർ റെയോൺസിന്റെ പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) കമ്പനിയുടെ ബാധ്യത തീർക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) തൊഴിലാളികളുടെ ആനുകൂല്യങ്ങൾ എന്ന് കൊടുത്തു തീർക്കും എന്ന് വ്യക്തമാക്കുമോ;

(ഡി) കമ്പനി സ്ഥലത്ത് പുതിയ സംരംഭങ്ങൾ ആരംഭിക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ഇ) കമ്പനിയിലെ സുരക്ഷാ ക്രമീകരണങ്ങൾക്കും ദൈനംദിന കാര്യങ്ങൾക്കും ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ്?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>വിവരസാങ്കേതികരംഗത്തെ പുരോഗതി</u>

2279 ശ്രീ. പി. ഉബൈദുള്ള
,, സി. മോയിന്‍കുട്ടി
,, എന്‍.എ. നെല്ലിക്കുന്ന്
,, വി.എം. ഉമ്മര്‍ മാസ്റ്റര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വിവരസാങ്കേതിക രംഗത്ത് കൈവരിക്കാനായ പുരോഗതിയുടെ ഗുണഫലങ്ങള്‍ സാധാരണക്കാരിലെത്തിക്കാന്‍ സ്വീകരിച്ച നടപടികള്‍ വിശദമാക്കുമോ;

(ബി) സര്‍ക്കാരിന്റെ വിവിധ വകുപ്പുകളുടെ കാര്യക്ഷമമായ പ്രവര്‍ത്തനത്തിന് വിവരസാങ്കേതിക വിദ്യയെ ഏതെല്ലാംവിധത്തില്‍ ഉപയോഗപ്പെടുത്താന്‍ സംസ്ഥാന ഐ.റ്റി. മിഷന്‍ നേതൃത്വം നല്കിയിട്ടുണ്ടെന്നതിന്റെ വിശദവിവരം നല്കാമോ;

(സി) സാങ്കേതിക വിദ്യകളുടെ ദുരുപയോഗം തടയുന്ന കാര്യത്തില്‍ എന്തൊക്കെ മുന്‍കരുതല്‍ നടപടികള്‍ സ്വീകരിക്കുന്നുണ്ടെന്ന് വിശദമാക്കുമോ?

## കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

എഡ്യൂസിറ്റി പദ്ധതി

2280 ശ്രീ. വർക്കല കഹാർ
,, വി. റ്റി. ബൽറാം
,, ഡൊമിനിക് പ്രസന്റേഷൻ
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എഡ്യൂസിറ്റി പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) ഏതെല്ലാം ഏജൻസികളുടെ നേതൃത്വത്തിലാണ് പദ്ധതി നടപ്പാക്കുന്നത്;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

### ഐ.റ്റി. അടിസ്ഥാനമാക്കിയുള്ള ഏകീകൃത ടൗൺഷിപ്പുകൾ

2281 ശ്രീ. എളമരം കരീം
,, പി. കെ. ഗുരുദാസൻ
ഡോ. കെ. ടി. ജലീൽ
ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐ.റ്റി. അടിസ്ഥാനമാക്കിയുള്ള ഏകീകൃത ടൗൺഷിപ്പുകൾ സംസ്ഥാനത്താരംഭിക്കുന്നതിന് എന്തെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ, അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് ഇത്തരം ടൗൺഷിപ്പുകൾ എവിടെയെല്ലാമാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്;

(ഡി) ഐ.റ്റി. അടിസ്ഥാനമാക്കിയുള്ള ഏകീകൃത ടൗൺഷിപ്പുകൾക്ക് ഏകജാലകസംവിധാനത്തിലൂടെ അനുമതി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) എങ്കിൽ, അതിന്റെ വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

### ഐ.റ്റി. മേഖലയിൽ പുതിയതായി ആരംഭിച്ച സ്ഥാപനങ്ങൾ

2282 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐ.റ്റി. മേഖലയിൽ ഈ സർക്കാർ എത്ര സ്ഥാപനങ്ങൾ ആരംഭിച്ചുവെന്നു വ്യക്തമാക്കുമോ; ആരംഭിച്ച സ്ഥാപനങ്ങളുടെ ജില്ലതിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ; പ്രസ്തുതസ്ഥാപനങ്ങളിലൂടെ എത്രപേർക്കു തൊഴിൽ നൽകിയെന്നു വിശദമാക്കുമോ;

(ബി) ആലപ്പുഴ ജില്ലയിൽ ഐ.റ്റി. മേഖലയിൽ പുതുതായി ആരംഭിച്ച സ്ഥാപനങ്ങൾ ഏതെല്ലാമെന്നും, അവയിലൂടെ ജില്ലയിൽ പുതിയ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടുവെന്നും വിശദമാക്കുമോ;

(സി) ചേർത്തല ഇൻഫോപാർക്കിൽ ഈ സർക്കാർ ആരംഭിച്ച സംരംഭങ്ങൾ ഏതെല്ലാമെന്നു വെളിപ്പെടുത്തുമോ?

**കേരള നിയമസഭ**
**26.03.2013-ലെ മറുപടിക്ക്**

<u>സ്മാർട്ട്സിറ്റി പദ്ധതി</u>

2283

ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യത്തിന്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ സ്മാർട്ട്സിറ്റി പദ്ധതിയുടെ നടത്തിപ്പിനായി മുൻസർക്കാരിന്റെ കാലത്തുണ്ടായിരുന്നതിൽ നിന്നും വിഭിന്നമായി കരാറിൽ വരുത്തിയിട്ടുള്ള മാറ്റങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>എം-ഗവേണൻസ് സംവിധാനം</u>

2284 ശ്രീ. അൻവർ സാദത്ത്
,, ഹൈബി ഈഡൻ
,, ഷാഫി പറമ്പിൽ
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എം - ഗവേണൻസ് സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

(ബി) പ്രസ്തുത സംവിധാനം വഴി എന്തെല്ലാം സേവനങ്ങളാണ് ജനങ്ങൾക്ക് ലഭിക്കുന്നത്;

(സി) എത്ര വകുപ്പുകളുടെ സേവനങ്ങളാണ് പ്രസ്തുത സംവിധാനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(ഡി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഈ സംവിധാനം പ്രവർത്തിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

ഇ. പ്രൊക്യൂർമെന്റ്, ഇ-ടെൻഡറിംഗ്, ഇ- പേയ്മെന്റ് തുടങ്ങിയ സംവിധാനങ്ങൾ നടപ്പാക്കുന്നതിന് നടപടി

2285 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇ-പ്രൊക്യൂർമെന്റ്, ഇ-ടെൻഡറിംഗ്, ഇ-പെയ്മെന്റ് തുടങ്ങിയ സംവിധാനങ്ങൾ എല്ലാ വകുപ്പുകളിലും നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) ഏതൊക്കെ വകുപ്പുകളിലാണ് നടപ്പിലാക്കിയിരുക്കുന്നത്; എല്ലാ വകുപ്പുകളിലും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

ഒറ്റപ്പാലം മണ്ഡലത്തിൽ ഐ. ടി. പാർക്ക്

2286

ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിൽ ഐ. ടി. പാർക്ക് അനുവദിക്കുന്നതിന്റെ നടപടിക്രമങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) നിർദ്ദിഷ്ട ഐ. ടി. പാർക്കിന് എവിടെയാണ് സ്ഥലം കണ്ടെത്തിയിട്ടുള്ളത്;

(സി) ഐ. ടി. പാർക്ക് എന്ന് ആരംഭിക്കാൻ കഴിയും; വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 26.03.2013-ലെ മറുപടിക്ക്

<u>ആധാർ രജിസ്ട്രേഷന് പുതിയ സംവിധാനം</u>

2287

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചില സ്ഥലങ്ങളിലെ പിൻകോഡ് നമ്പരുകളിലെ വ്യത്യാസങ്ങൾ കാരണം ആധാർ കാർഡിന് അപേക്ഷ സമർപ്പിച്ചിട്ടും, കാർഡ് എടുക്കാൻ കഴിയാത്ത സാഹചര്യം നിലവിലുള്ളതായി എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) ഇവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു ;

(സി) അക്ഷയ കേന്ദ്രങ്ങളിലെ ആധാർ രജിസ്ട്രേൻ പുരാരംഭിക്കുവാനും, ജില്ലാ കേന്ദ്രങ്ങളിൽ ആധാർ രജിസ്ട്രേഷന് പുതിയ സംവിധാനം ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2013 മാർച്ച് 17.

'T' ഇന്നത്തേക്ക് മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

**പ്രത്യേക ശ്രദ്ധയ്ക്ക്**: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കേണ്ടതാണ്. [ ചട്ടം 47(1)].